## പതിനാലാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2780** 18/08/2017 -ൽ മറുപടിയ്ക്ക്

## SSLC പരീക്ഷയിൽ ഉപരിപഠനത്തിനു യോഗ്യത നേടിയ വിദ്യാർത്ഥികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) 2017 മാർച്ച് മാസം നടത്തിയ എസ്.എസ്.എൽ .സി. പരീക്ഷയിൽ എത്ര വിദ്യാർത്ഥികൾ ഉപരിപഠനത്തിനുള്ള യോഗ്യത നേടുകയുണ്ടായി; വിശദാംശം ജില്ലാടിസ്ഥാനത്തിൽ നൽകാമോ;

(എ) 2017 മാർച്ച് മാസം നടത്തിയ എസ്.എസ്.എൽ .സി. പരീക്ഷയിൽ 4,49,648 പേർ ഉപരിപഠനത്തിന് യോഗ്യത നേടുകയുണ്ടായി.

| | |
|---|---|
| തിരുവനന്തപുരം | 38470 |
| കൊല്ലം | 33268 |
| പത്തനംതിട്ട | 11927 |
| ആലപ്പുഴ | 25009 |
| കോട്ടയം | 21714 |
| ഇടുക്കി | 12920 |
| എറണാകുളം | 35661 |
| തൃശ്ശൂർ | 37808 |
| പാലക്കാട് | 41359 |
| മലപ്പുറം | 79196 |
| കോഴിക്കോട് | 45862 |
| വയനാട് | 11769 |
| കണ്ണൂർ | 35270 |
| കാസർഗോഡ് | 19415 |

(ബി) പ്ലസ് വൺ പ്രവേശനത്തിനുള്ള അവസാനഘട്ട അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിയ്ക്കുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്ലസ് വൺ പ്രവേശനത്തിന് ഹയർ സെക്കണ്ടറിയിൽ 16.08.2017 വരെയുള്ള അലോട്ട്മെന്റുകൾ കഴിഞ്ഞപ്പോൾ 3,78,282 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. അവസാനഘട്ട അഡ്മിഷൻ നടപടികൾ പുരോഗമിക്കുന്നു. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 27,715

പേർക്ക് ഒന്നാം വർഷ പ്രവേശനം ലഭിച്ചു.

(സി) ഉപരിപഠനത്തിനു യോഗ്യരായവരും എന്നാൽ പ്ലസ് വണ്ണിന് പ്രവേശനം ലഭിക്കാത്തവരുമായി നിരവധി വിദ്യാർത്ഥികൾ ഉള്ളപ്പോൾ സംസ്ഥാനത്ത് പ്ലസ് വണ്ണിന് വിവിധ കോമ്പിനേഷനുകളിൽ സീറ്റുകൾ വർദ്ധിപ്പിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(സി) 2017-18 വർഷത്തെ പ്ലസ് വൺ പ്രവേശന നടപടികളുടെ തുടക്കത്തിൽ തന്നെ 20% മാർജിനൽ വർദ്ധനവ് സർക്കാർ/എയ്ഡഡ് മേഖലയിൽ അനുവദിച്ചിരുന്നു. ഇതിന് പുറമേ അടിസ്ഥാന സൗകര്യമുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകൾ ആവശ്യപ്പെടുന്ന പക്ഷം 10% മാർജിനൽ വർദ്ധനവും അനുവദിച്ചിട്ടുണ്ട്. 10% മാർജിനൽ വർദ്ധനവിന്റെ ഫലമായി 2940 അധിക സീറ്റുകൾ വിവിധ കോമ്പിനേഷനുകളിലായി ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ